ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതികളിൽ അപ്പപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം ഇടപാടുകാർക്ക് ദ്രോഹകരമാകുന്നതായി കാണുന്നില്ല.

(സി) കോർപ്പറേഷൻ 31.3.99 വരെ 1,76,376.32 ലക്ഷം രൂപ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം (30.11.99) വരെ 8,147.37 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ദീർഘ കാല വായ്പയോടൊപ്പം പ്രവർത്തനമൂലധനവും കോർപ്പറേഷൻ നൽകുന്നുണ്ട്. അപേക്ഷ നൽകിയാൽ ഒരു നിശ്ചിതസമയപരിധിക്കുള്ളിൽ തന്നെ വായ്പ അനുവദിക്കാറുണ്ട്. കൂടാതെ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽതന്നെ പ്രവർത്തനക്ഷമമാക്കാനും നിഷ്കർഷിക്കാറുണ്ട്. വായ്പ 6 മുതൽ 8 വർഷത്തിനുള്ളിൽ മാസഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്. പ്രാരംഭ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ കോർപ്പറേഷൻ വിലയിരുത്തുകയും, ആവശ്യമുള്ളപക്ഷം ഗഡുക്കൾ അടക്കേണ്ട സമയവും നീട്ടിക്കൊടുക്കാറുമുണ്ട്.

23 (311) ട്രഷറി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) ട്രഷറി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ;

(സി) ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ആകെ പ്രവർത്തിക്കുന്ന ഏകാംഗ ട്രഷറികളുടെ എണ്ണം എത്ര; ഇവ എവിടെയെല്ലാമാണ് എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ഇ) കായംകുളത്ത് അനുവദിച്ച ഏകാംഗ ട്രഷറികൾ ഏതെല്ലാമാണ്;

(എഫ്) ഇതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ട്രഷറികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ട്രഷറികൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) രണ്ടായിരമാണ്ട് ജൂലായോടുകൂടി പൂർത്തിയാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ആകെ 17 ഏകാംഗ ട്രഷറികൾ പ്രവർത്തിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല	1)	നെല്ലനാട്
	2)	കല്ലിയൂർ
കൊല്ലം ജില്ല	3)	ചവറ
	4)	കുളക്കട
ആലപ്പുഴ ജില്ല	5)	പാലമേൽ
	6)	മുതുകുളം
	7)	മാന്നാർ
എറണാകുളം ജില്ല	8)	ചെല്ലാനം
	9)	കുമ്പളങ്ങി
	10)	പോത്തനിക്കാട്
തൃശൂർ ജില്ല	11)	മണലൂർ
മലപ്പുറം ജില്ല	12)	വണ്ടൂർ
പാലക്കാട് ജില്ല	13)	എലപ്പുള്ളി
കോഴിക്കോട് ജില്ല	14)	കുന്നമംഗലം
	15)	രാമനാട്ടുകര
കണ്ണൂർ ജില്ല	16)	ആലക്കോട്
കാസർഗോഡ് ജില്ല	17)	തൃക്കരിപ്പൂർ

(ഇ) പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ എന്നിവിടങ്ങളിൽ ഏകാംഗ ട്രഷറികൾ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇതിൽ ഒന്നും തന്നെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

24 (312) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പെൻഷൻ ട്രഷറി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പെൻഷൻ ട്രഷറിയിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പെൻഷൻ വിതരണത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരാതി കിട്ടിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly